**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ രണ്ടാം ഘട്ട അലോട്ട്മെന്റ് പൂർത്തിയായായപ്പോൾ ഒരു ലക്ഷത്തിലേറെ കുട്ടികൾ സീറ്റ് ലഭിക്കാതെ പുറത്ത് നിൽക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാൻ തയ്യാറാകുമോ; | (എ) | പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ/അവസാനത്തെ അലോട്ട്മെന്റ് 23.10.2021 ന് അവസാനിക്കുകയുണ്ടായി. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി എൺപത്തി എട്ട് ) സീറ്റുകളിലേയ്ക്ക് 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489(മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത്) പേരുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നല്കേണ്ട യഥാർത്ഥ അപേക്ഷകർ 425730(നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്) മാത്രമാണ്. മുഖ്യഘട്ട അലോട്ട്മെന്റ് 23.10.2021 ന് പൂർത്തിയായപ്പോൾ മെറിറ്റ് ക്വാട്ടയിൽ 235879(രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഎഴുപത്തി ഒൻപത്) കുട്ടികളും സ്പോർട്ട്സ് ക്വാട്ടാ, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ, മാനേജ്മെന്റ് ക്വാട്ടാ, അൺ-എയ്ഡഡ് ക്വാട്ടാ മുതലായവയിൽ 71142(എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി നാല്പത്തി രണ്ട്) കുട്ടികളും കൂടി ആകെ 307021(മൂന്ന് ലക്ഷത്തി ഏഴായിരത്തി ഇരുപത്തി ഒന്ന്)വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. കഴിഞ്ഞ 5 വർഷത്തെ പ്രവേശനതോതനുസരിച്ചാണെങ്കിൽ മുഖ്യ അലോട്ട്മെന്റിന് ശേഷം സംസ്ഥാനത്ത് ആകെ 67910(അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി പത്ത്) അപേക്ഷകർ പ്രവേശനത്തിനായി |

| | | | |
|---|---|---|---|
| | | | അവശേഷിക്കുകയാണ്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 115734(ഒരു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി നാല്) പേർക്ക് അഡ്മിഷൻ നല്കേണ്ടതായി വരും. 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിൽ എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റുകളും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്.ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000സീറ്റുകളും ലഭ്യമാണ്. മാനേജ്മെൻറ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. ഇവ പരിശോധിച്ച ശേഷം താലൂക്ക്തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |
| (ബി) | നിരവധി അർഹരായ കുട്ടികളുടെ പഠനം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സാഹചര്യത്തിൽ പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ/അവസാനത്തെ അലോട്ട്മെന്റ് 23.10.2021 ന് അവസാനിക്കുകയുണ്ടായി. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി എൺപത്തി എട്ട് ) സീറ്റുകളിലേയ്ക്ക് 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489(മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത്) |

പേരുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നല്കേണ്ട യഥാർത്ഥ അപേക്ഷകർ 425730(നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്) മാത്രമാണ്. മുഖ്യഘട്ട അലോട്ട്മെന്റ് 23.10.2021 ന് പൂർത്തിയായപ്പോൾ മെറിറ്റ് ക്വാട്ടയിൽ 235879(രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഎഴുപത്തി ഒൻപത്) കുട്ടികളും സ്പോർട്ട്സ് ക്വാട്ടാ, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ, മാനേജ്മെന്റ് ക്വാട്ടാ, അൺ-എയ്ഡഡ് ക്വാട്ടാ മുതലായവയിൽ 71142(എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി നാല്പത്തി രണ്ട്) കുട്ടികളും കൂടി ആകെ 307021(മൂന്ന് ലക്ഷത്തി ഏഴായിരത്തി ഇരുപത്തി ഒന്ന്)വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. കഴിഞ്ഞ 5 വർഷത്തെ പ്രവേശനതോതനുസരിച്ചാണെങ്കിൽ മുഖ്യ അലോട്ട്മെന്റിന് ശേഷം സംസ്ഥാനത്ത് ആകെ 67910(അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി പത്ത്) അപേക്ഷകർ പ്രവേശനത്തിനായി അവശേഷിക്കുകയാണ്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 115734(ഒരു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി നാല്) പേർക്ക് അഡ്മിഷൻ നല്കേണ്ടതായി വരും. 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിൽ എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റുകളും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്.ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000സീറ്റുകളും ലഭ്യമാണ്. മാനേജ്മെൻറ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. ഇവ പരിശോധിച്ച ശേഷം താലൂക്ക്തല വിഷയ കോമ്പിനേഷൻ

| | | | |
|---|---|---|---|
| | | | തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |
| (സി) | 2011-16-ലെ സർക്കാരിന്റെ കാലഘട്ടത്തിൽ അർഹരായ കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച് സമാന സാഹചര്യമുണ്ടായപ്പോൾ അന്നത്തെ സർക്കാർ താത്കാലിക ബാച്ചുകൾ അനുവദിച്ചിരുന്നോ എന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ 5വർഷങ്ങളിൽ ,2016 -ൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പാസായിട്ടുള്ളത്. 4,58,080 (നാലുലക്ഷത്തി അമ്പത്തിയെട്ടായിരത്തി എൺപത്) വിദ്യാർത്ഥികളാണ് ഉന്നതപഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 5,17,156 (അഞ്ചുലക്ഷത്തി പതിനേഴായിരത്തി ഒരുനൂറ്റി അൻപത്തി ആറ്) ആയിരുന്നു പ്രസ്തുത വർഷം 22,879(ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചവരായിരുന്നു. ആകെ ലഭ്യമായിരുന്ന 4,13,564 (നാല ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) സീറ്റുകളിൽ 3,84,612 (മൂന്ന്ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട്) അപേക്ഷകർ പ്രവേശനംനേടുകയുണ്ടായി. സർക്കാർ/ എയ്ഡഡ് /അൺ-എയ്ഡഡ് മേഖലകളിലായി 28,952 (ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട്) സീറ്റ് ഒഴിഞ്ഞു കിടക്കുകയും ചെയ്തു. കൂടാതെ 2012-ൽ സർക്കാർ/എയ്ഡഡ് /അൺ-എയ്ഡഡ് മേഖലകളിൽ 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവിന് പുറമേ സർക്കാർ സ്കൂളുകളിൽ സയൻസ് കോമ്പിനേഷനുകളിൽ ഒരു ബാച്ചിൽ 3 അധിക വിദ്യാർത്ഥികളേയും ഹ്യുമാനിറ്റീസ്, കൊമേഴ്സ് കോമ്പിനേഷനുകളിൽ ഒരോബാച്ചിലും 8 അധിക വിദ്യാർത്ഥികളേയും കൂടുതലായി ചേർക്കുകയുണ്ടായി, കൂടാതെ സപ്ലിമെന്ററി അലോട്ട്മെന്റുകൾ പൂർത്തീകരിച്ചതിന് ശേഷം തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ താൽക്കാലിക അധിക ബാച്ചുകൾ സർക്കാർ സ്കൂളുകളിൽ ഹ്യുമാനിറ്റീസ് കൊമേഴ്സ് വിഷയങ്ങളിൽ അനുവദിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ 5 സർക്കാർ സ്കൂളുകളിൽ 6താൽക്കാലിക ബാച്ചുകളും കോഴിക്കോട് ജില്ലകളിലെ 10സർക്കാർ സ്കൂളുകളിൽ 10താൽക്കാലിക ബാച്ചുകളും മലപ്പുറം ജില്ലയിലെ 15 സർക്കാർ സ്കൂളുകളിൽ 16താൽക്കാലിക ബാച്ചുകളും അനുവദിച്ച് സപ്ലിമെൻററി അലോട്ട്മെൻറുകൾ പൂർത്തീകരിച്ചതിന് ശേഷം പ്രവേശനം ലഭിക്കാതിരുന്ന 1699വിദ്യാർത്ഥികളുടെപ്രവേശനവുംസാധ്യമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ